# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7017 — 11-7-2014 ൽ മറുപടിക്ക്

## കോട്ടൺഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്ക നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം കോട്ടൺഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എസ്-ലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി ഊർമ്മിളാദേവി കെ.കെ.യെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അയിലം ഗവൺമെന്റ് എച്ച്.എസ്-ലേക്ക് മാറ്റുകയും അതോടൊപ്പം തന്നെ വിശദീകരണത്തിനായി ചാർജ്ജ്മെമ്മോ നൽകുകയും ചെയ്തു. തുടർന്ന് ടിയാൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ ഹൈസ്കൂളിലേക്ക് മാറ്റി നിയമിക്കുകയും 02-07-2014 ൽ ടിയാൾ പ്രസ്തുത സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. |
| (ബി) ഉണ്ടെങ്കിൽ കേരള സർവ്വീസ് റൂൾസിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെയും ഏതൊക്കെ ചട്ടപ്രകാരമാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) പെരുമാറ്റ ചട്ട ലംഘനം നടത്തിയ പ്രധാനാദ്ധ്യാപികക്കെതിരെ കേരള സിവിൽ സർവ്വീസ് (സി.സി.എ) റൂൾസ് 1960 പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |

(സി) പ്രധാനാദ്ധ്യാപികക്കെതിരെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; ഈ ഉദ്യോഗസ്ഥൻ നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് ആരുടെയൊക്കെ മൊഴിയെടുത്തെന്ന് വിശദമാക്കുമോ;

(സി) പ്രധാനാദ്ധ്യാപികയ്ക്കെതിരെ അന്വേഷണത്തിനായി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ശ്രീമതി യു.കെ.ശ്യാമളയെയാണ് ചുമതലപ്പെടുത്തിയത്. അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ്, കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്-ലെ ഇംഗ്ലീഷ് ക്ലബ് കൺവീനർ, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്സ്, സ്കൂൾ സ്റ്റാഫ് സെക്രട്ടറി, അഡീഷണൽ ഹെഡ്മിസ്ട്രസ്സ് എന്നിവരുടെ മൊഴികൾ അന്വേഷണ ഉദ്യോഗസ്ഥ എടുത്തിട്ടുണ്ട്.

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, പ്രധാനാദ്ധ്യാപികയ്ക്ക് നൽകിയ മെമ്മോയുടെ പകർപ്പും ലഭ്യമാക്കാമോ?

(ഡി) അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ പകർപ്പും, പ്രധാനാദ്ധ്യാപികയ്ക്ക് നൽകിയ മെമ്മോയുടെ പകർപ്പും അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്